**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **16-09-2025 - ൽ മറുപടിയ്ക്ക്**

**താലൂക്ക് ആശുപത്രിയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി എം. ആർ. ഐ. മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ താലൂക്ക് ആശുപത്രിയിൽ സ്വകാര്യ പങ്കാളിത്തത്തോട്ടുകൂടി എം. ആർ. ഐ. മെഷീൻ സ്ഥാപിക്കുന്നതിനും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ തുടർപരിപാലനം നടത്തുന്നതിനുമായി എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കൂടിയ എച്ച്. എം. സി. മീറ്റിംഗ് തീരുമാനമെടുത്തിനു ശേഷം തുടർ അനുവാദങ്ങൾക്കായി ബഹു. ഡി.എച്ച്.എസ്. ന്റെ പരിഗണനയിലുള്ള പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; നിലവിലെ തടസ്സങ്ങൾ വ്യക്തമാക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ട് ഉപയോഗിച്ച് MRI പോലെയുള്ള diagnostic ഉപകരണങ്ങൾ സർക്കാർ അനുമതിയോടെ സ്ഥാപിക്കാവുന്നതാണ്. എന്നാൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടൊ ഉപകരണങ്ങൾ ആശുപത്രിയിൽ സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | പുനലൂർ താലൂക്ക് ആശുപത്രിയിൽ സ്വകാര്യ പങ്കാളിത്തത്തോട്ടുകൂടി എം. ആർ. ഐ. മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിഗണനയിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | സർക്കാർ സഹായത്തോടെ താലൂക്ക് ആശുപത്രികളിൽ എം.ആർ.ഐ. മെഷീനുകൾ സ്ഥാപിയ്ക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ് (DHS) – ന് കീഴിലുള്ള 5 ജനറൽ/ജില്ലാ ആശുപത്രികളിൽ MRI മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി പാലക്കാട് എന്നിവിടങ്ങളിൽ MRI മെഷീനുകൾ പ്രവർത്തനസജ്ജമാണ്. ആലപ്പുഴ ജനറൽ ആശുപത്രിയിൽ, ഇൻസ്റ്റലേഷൻ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് MRI മെഷീൻ സ്ഥാപിക്കുന്നതിന് അനുമതി സർക്കാർ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ പങ്കാളിത്തത്തോടുകൂടി സർക്കാർ ആശുപത്രികളിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനു മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകാനാകുമോ; വിശദമാക്കാമോ; | (ഡി) | സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ആശുപത്രികളിൽ MRI ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം നാളിതുവരെ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ നിലവിൽ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല. |
| (ഇ) | പുനലൂർ താലൂക്ക് ആശുപത്രിയുടെ പ്രൊപ്പോസലിന്മേൽ അനുവാദം നൽകാനാകുമോ; വിശദമാക്കാമോ? | (ഇ) | സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ആശുപത്രികളിൽ MRI ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം നാളിതുവരെ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ നിലവിൽ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ